ജൈവിക നിയന്ത്രണം തുടങ്ങിയവയും നടത്തിവരുന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ പകർച്ചവ്യാധികൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കുന്നത് തടയാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

ഭരണ നവീകരണ പരിപാടി

*24 [24] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, ടി. കെ. ബാലൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഭരണ നവീകരണ പരിപാടി ഏത് ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭരണ നവീകരണ പരിപാടി നിലവിലുള്ള ഭരണ സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങൾ ലക്ഷ്യമിട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും എന്തെല്ലാം ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്നും വ്യക്തമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇതിനുവേണ്ടി ഇതേവരെ ചെലവാക്കിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുക ഏതെല്ലാം ഇനത്തിലാണ് ചെലവായതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 26-11-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്സ്) നം. 345/03/പൊ.ഭ.വ. പ്രകാരം അംഗീകരിക്കപ്പെട്ടതും 17 ഭരണ വകുപ്പുകൾ വഴി നിർവ്വഹിക്കേണ്ടതുമായ 93 ഉദ്യമങ്ങളിൽ വ്യവസായ വകുപ്പ്, വിവര സാങ്കേതിക വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, പബ്ലിക് റിലേഷൻസ് വകുപ്പ്, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്, പൊതുഭരണ വകുപ്പ് മുതലായവയുമായി ബന്ധപ്പെട്ട ഏതാനും ഉദ്യമങ്ങളുടെ നിർവ്വഹണം ആരംഭിച്ചുകഴിഞ്ഞു. മറ്റുള്ളവയുടെ കാര്യത്തിൽ നിർവ്വഹണത്തിനാവശ്യമായ ബജറ്റ് തയ്യാറാക്കൽ, സാങ്കേതിക സഹായം ആവശ്യമുള്ള മേഖലകളുടെ കണ്ടെത്തൽ, നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ എന്നിവ പുരോഗമിക്കുന്നു.

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി അംഗീകരിച്ച സേവന പ്രദാന പദ്ധതിയുടെ ആദ്യഘട്ട നിർവ്വഹണത്തിനായി വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 2605 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരിശീലന പരിപാടി നടന്നുവരുന്നു.

(ബി) നിലവിലുള്ള ഭരണ സംവിധാനത്തെ കൂടുതലും കാര്യക്ഷമവുമാക്കി മാറ്റുകയാണ് ഭരണ നവീകരണ പരിപാടിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭരണ നവീകരണ പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ഉത്തരം 'എ'-യിൽ വിശദമാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ സർക്കാരിന്റെ പ്രധാന ജാലികയായ www.kerala.gov.in-ലും ഭരണ നവീകരണ പരിപാടിയുടെ ജാലികയായ www.keralamgp.org-ലും ലഭ്യമാണ്.

(ഡി) ഭരണ നവീകരണ പരിപാടിക്കായി 2002-2003 സാമ്പത്തിക വർഷം 240,27,28,858 രൂപ ചെലവായിട്ടുണ്ട്.

(ഇ) മൊത്തം ചിലവായ തുകയുടെ ബജറ്റ് ശീർഷകം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പൊതു മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ വരുത്താനുദ്ദേശിക്കുന്ന നയമാറ്റം

*25 [25] ഡോ. തോമസ് ഐസക്:
ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലുണ്ടായ ജനവിധിയുടെയും പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പൊതു മിനിമം പരിപാടിയുടെയും അടിസ്ഥാനത്തിൽ വിവിധ മേഖലകളിൽ സംസ്ഥാന സർക്കാർ തുടർന്നു വരുന്ന നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിനകം ഓരോ മേഖലകളിലും എന്തെല്ലാം മാറ്റം വരുത്താനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ പിന്തുടർന്നു വരുന്ന സാമ്പത്തിക നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നതു സംബന്ധിച്ചും അവ വിൽക്കുന്നതിനായി നിയോഗിക്കപ്പെട്ട ആർ. സി. ചൗധരി കമ്മീഷനെ സംബന്ധിച്ചും തെരഞ്ഞെടുപ്പ് വിധിയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ—ഇ) പുതിയ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കേന്ദ്ര മന്ത്രാലയങ്ങൾ ആവിഷ്ക്കരിക്കുന്ന കർമ്മ പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ നയ പരിപാടികളിൽ മാറ്റം വരുത്തേണ്ട മേഖലകളിൽ മാറ്റം വരുത്തുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 2 (എ)—(തുടർച്ച)

വിദേശത്ത് ജോലിയ്ക്കായി പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള കേന്ദ്രം കേരളത്തിൽ ആരംഭിക്കുക, വിദേശത്ത് ജോലിയ്ക്കായി പോകുന്നവർ മടക്കയാത്രയ്ക്കുള്ള ടിക്കറ്റുകൂടി എടുക്കണമെന്ന വ്യവസ്ഥ ഉപേക്ഷിക്കുക, ഉത്സവ കാലങ്ങളിലും അവധിക്കാലങ്ങളിലും മറ്റും ഇടയ്ക്കിടെ വിമാന യാത്രാക്കൂലി വർദ്ധിപ്പിക്കുന്നത് ഒഴിവാക്കുക, ബഡ്ജറ്റ് എയർലൈൻ സർവ്വീസ് ആരംഭിക്കുക, കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേയ്ക്കും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുക, ഇരട്ട പൗരത്വം അനുവദിക്കുക, ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിക്കുക, വളരെ പ്രായം ചെന്ന പാക്കിസ്ഥാൻ പൗരൻമാരെ പാക്കിസ്ഥാനിലേയ്ക്ക് തിരിച്ചയക്കുന്നത് ഒഴിവാക്കുക തുടങ്ങി നിരവധി പ്രശ്നങ്ങൾ മുൻ കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

അനുബന്ധം 3

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *24 (24) ദയവായി കാണുക]

Accounts for the Programme and as on 31st March 2004

Sl. No.	*Head of Account*	*Nomanclature*	*Budget Provision (₹ in thousands)*	*Expenditure Incurred as on 31-3-2004 (₹)*
1	2515-00-003-95	Capacity Building in Finance Management for Local Self-Government and Relevant Community Organisations	40,000	Nil
2	2515-00-101-23	Implementation of Local Self-Government Action Plan	730,000	Nil
3	2515-00-800-85	Rehabilitation of LSG Water Schemes as Transitional Incentives under MGP	250,000	Nil
4	2515-00-800-84	Social Audit in LSGD under Modernising Government Programmes	22,800	Nil
5	2515-00-800-83	Introduction of Citizen's Charter in Local Self-Government under Modernising Government Programmes	13,000	Nil
6	2515-00-800-82	Service Delivery Improvement in Local Self-Government Department under Modernising Government Programmes	50,000	Nil

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 3—(തുടർച്ച)

Sl. No.	*Head of Account*	*Nomanclature*	*Budget Provision (₹ in thousands)*	*Expenditure Incurred as on 31-3-2004 (₹)*
7	2852-80-800-86	Public Sector Reforms-SLPE Reforms of Ten prioritized State leavel enterprises under Modernising Government Programme (MGP)	840,000	840,000,000
8	3051-02-001-96	Termination of unproductive Infrastructure Projects in Harbour Engineering Department under MGP	100,000	Nil
9	2052-00-090-87-(01)	Modernising Government Programme Functional Review and Service Delivery unit under Modernising Government Programme	24,000	11,922,544
10	2052-00-090-87-(02)	Capacity Building Finance Department under Modernising Government Programme	50,000	Nil
11	2052-00-090-87-(03)	Capacity Building of Secretariat Departments Commercial Taxes and other Departments under Modernising Government Programme	100,000	54,399,664
12	2052-00-090-87-(04)	Strategic Implementation Plan under Modernising Government Programme	18,000	8,672,650
13	2052-00-090-87-(05)	Integrated Personnel and Payroll Management System under Modernising Government Programme	182,000	Nil
14	2052-00-092-91	New Rules for property Tax Assessment	50,000	Nil
15	3451-00-101-84	Poverty Co-ordination Unit under Modernising Government Programme	10,000	10,000,000
16	3451-00-101-83	Proverty Database and maintenance under Modernising Government Programme	10,000	10,000,000
17	3451-00-101-82	Other items approved for Implementation from detailed Implementation Plan under MGP	1,000,000	517,734,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 3—(തുടർച്ച)

Sl. No.	*Head of Account*	*Nomanclature*	*Budget Provision (₹ in thousands)*	*Expenditure Incurred as on 31-3-2004 (₹)*
18	2029-00-800-80	Service Delivery Improvement in Revenue Department under Modernising Government Programme	100,000	20,000,000
19	2030-03-001-92	Service Delivery Improvement in Registration Department under Modernising Government Programme	50,000	Nil
20	2075-00-800-23	Asset Renewal Fund	600,000	450,000,000
21	2202-80-800-71	Introduction of Social Audit in Education under MGP	14,200	Nil
22	2202-80-800-70	Introduction of Citizens Charter in Education under MGP	8,200	Nil
23	2210-80-800-93	Introduction of Social Audit in Primary Health Centres	20,000	Nil
24	2210-80-800-92	Upgradation of Service standards in Primary Health Centres based on critical gaps in Service Delivery	150,000	Nil
25	2210-80-800-91	Introduction of Citizens Charter in Primary Health Centres	11,300	Nil
26	2230-01-103-66	Pilot Scheme for Social Safety Net under MGP	480,000	480,000,000
		Total	4,923,500	2,402,728,858

അനുബന്ധം 4

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3 (3) ദയവായി കാണുക]

	2000-2001	*2002-2003*	*2003-2004*
മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്—ശമ്പളം	45,19,343	35,00,273	42,21,862
മറ്റുമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്—ശമ്പളം	4,25,12,698	5,05,21,695	5,93,88,723

LIBRARY ARCHIVES Kerala Legislative Assembly